പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*212 — 14.12.2015 ലെ മറുപടിയ്ക്ക്

## സീ പ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ. ഇ.ചന്ദ്രശേഖരൻ<br>ശ്രീ. കെ.രാജു | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സീപ്ലെയിൻ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | എ) | പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 02.06.2013 ന് കൊല്ലം അഷ്ടമുടിയിൽ ബഹു. കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. എന്നാൽ ചില മത്സ്യത്തൊഴിലാളി സംഘടനകൾ ഉയർത്തിയ എതിർപ്പിനെ തുടർന്ന് സർവ്വീസുകൾ നിർത്തിവെയ്ക്കുകയാണ് ഉണ്ടായത്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, സീപ്ലെയിൻ പദ്ധതി ഉൾനാടൻ മത്സ്യബന്ധനരംഗത്ത് എന്തെങ്കിലും വിധത്തിലുള്ള ആഘാതം സൃഷ്ടിക്കുമോ എന്നത് സംബന്ധിച്ച് പഠനം നടത്തുവാനും അങ്ങനെയെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ ഒരു വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ സമിതിയുടെ അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആയിരിക്കും ജലവിമാന സർവ്വീസ് ആരംഭിക്കുന്നത്. 26.06.2015 ലെ GO(MS) No.188/2015/TSM നമ്പറായ പുതിയ ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരെ പ്രോത്സാഹിപ്പിക്കുന്നതിനായി നേരത്തെ പ്രഖ്യാപിച്ചിരുന്ന ഏർളി ബേർഡ് ഇൻസെന്റീവുകൾക്കു പുറമെ മറ്റു ചില ആനുകൂല്യങ്ങൾ കൂടി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണ തോതിലുള്ള ജലവിമാന സർവ്വീസ് ഉടനെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| ബി) | സീപ്ലെയിൻ പദ്ധതിയ്ക്കായി ഖജനാവിൽ നിന്നും എത്ര തുക ഇതിനകം ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | ബി) | 2015 മാർച്ച് 31 വരെയുള്ള കണക്കുകൾ പ്രകാരം പദ്ധതിക്കായുള്ള പ്രധാന ചിലവുകളായ അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് ചിലവായിട്ടുള്ള 5,88,81,912/-രൂപയും കേരളപോലീസിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റിഫോഴ്സിന്റെ വിന്യാസവും |

| | | | |
|---|---|---|---|
| | | | സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കുന്നതിനും ചിലവായിട്ടുളള 2,45,99,536/-രൂപയും മറ്റ് അനുബന്ധ ചിലവുകൾ ഉൾപ്പെടെ ആകെ 11,10,42,012/- രൂപയാണ് പദ്ധതിക്കായി ചിലവായിട്ടുളളത്. |
| സി) | പ്രസ്തുത പദ്ധതി ലാഭകരമാക്കാൻ കഴിയില്ലെന്ന് കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | സി) | ഇല്ല. ഇന്ത്യാവൻകരയിൽ സീപ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉത്പന്നം കൂടി സഞ്ചാരികൾക്ക് നൽകുക എന്നതാണ് കേരള സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാൻഡ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അയൽ സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉത്പന്നം ലഭ്യമാക്കുകയും ചെയ്യും. സീപ്ലെയിൻ പദ്ധതിക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, സീപ്ലെയിൻ ഓപ്പറേഷൻസ് പ്രോത്സാഹിപ്പിക്കുകയാണ് സർക്കാരിന്റെ ദൗത്യം. പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തുടക്കത്തിൽ രണ്ട് വർഷത്തേയ്ക്ക് ഈ സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാക്കുവാനാണ് സർക്കാർ തീരുമാനം. അതിനുശേഷം മുതൽ മുടക്കിന് ആനുപാതികമായ ഒരു യൂസേഴ്സ് ഫീ ഏർപ്പെടുത്തുവാൻ സാധിക്കും. ജലവിമാന പദ്ധതി കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുവാൻ സഹായിക്കുകയും ഇതുവഴി പ്രത്യക്ഷവും പരോക്ഷവും ആയ വരുമാന ലഭ്യതയ്ക്കും തൊഴിലവസരങ്ങൾക്കും കാരണമാവുകയും ചെയ്യും. ഈ പ്രാരംഭഘട്ടത്തിൽ ഇത് കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ല. |
| ഡി) | പ്രസ്തുത പദ്ധതിമൂലം പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിക്കുമെന്ന വാദം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | ഡി) | ഇല്ല. കേരള സീപ്ലെയിൻ പദ്ധതിയ്ക്കുവേണ്ടി കേന്ദ്രസർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്റ്റേഴ്സ് ലിമിറ്റഡ് തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം സീപ്ലെയിനുകളുടെ അറ്റകുറ്റപണികൾ, ഇന്ധനം നിറയ്ക്കൽ മുതലായവ വിമാനത്താവളങ്ങളിൽ വെച്ച് മാത്രം നടത്തുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അതിനാൽ ഇവ മൂലമുള്ള ജലമലിനീകരണം തീർത്തും ഇല്ല. ഇവ ജലത്തിൽ ഉണ്ടാക്കുന്ന ഓളങ്ങൾ കേരളത്തിൽ സർവ്വ സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഔട്ട്ബോർഡ് എഞ്ചിനുകൾ, സ്പീഡ്ബോട്ടുകൾ എന്നിവ വഴി ഉണ്ടാകുന്നവയേക്കാൾ താരതമ്യേന കുറവാണ്. കൂടാതെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടത്താത്തതിനാൽ ഇവയും |

| | | | |
|---|---|---|---|
| | | | പരിസ്ഥിതിയെ ബാധിക്കുന്നില്ല. ടോയിലറ്റ്, ഭക്ഷണ സൗകര്യം ഇവ ഇല്ലാത്തതിനാൽ ഒരു തരത്തിലുള്ള മാലിന്യങ്ങളും സീപ്ലെയിനുകളിൽ നിന്നും ജലത്തിലേക്ക് പുറന്തള്ളപ്പെടുന്നില്ല. കൂടാതെ US ആർമി കോർപ്സ് ഓഫ് എഞ്ചിനിയേഴ്സ് (USACE) യുടെ പഠനത്തിൽ വായു, ജലം, മണ്ണ് എന്നിവയിലോ ജന്തുജാലങ്ങൾ, മത്സ്യ ജാലങ്ങൾ, ഹൈഡ്രോളജി എന്നിവയിലോ ഇവ പ്രത്യേകം ബാധിക്കുന്നില്ല എന്ന കണ്ടെത്തൽ പവൻഹാൻസിന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിലുപരി, സിപ്ലെയിൻ സർവ്വീസുകൾ കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധന മേഖലയെ എന്തെങ്കിലും തരത്തിൽ ദോഷകരമായി ബാധിക്കുമോ എന്നുള്ള മത്സ്യത്തൊഴിലാളികളുടെ ആശങ്കകളെ സംബന്ധിച്ച് പഠിക്കുവാനും ആവശ്യമെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനുമായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ധസമിതി, വിശദമായ പഠനങ്ങൾക്കു ശേഷം, ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള രൂപത്തിൽ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഇത് മത്സ്യസമ്പത്തിനേയും പരിസ്ഥിതിയേയും ഒരുതരത്തിലും ബാധിക്കുന്നതല്ല എന്ന് അഭിപ്രായപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ